# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 358 03.02.2020-ൽ മറുപടിക്ക്

## തലസ്ഥാനത്തെ കോട്ടമതിലിന് ചുറ്റുമുള്ള അനധികൃത കയ്യേറ്റം

**ചോദ്യം**

ശ്രീ.പി.കെ.അബ്ദു റബ്ബ്

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | തലസ്ഥാന നഗരിയിലെ കോട്ട മതിലിന് ചുറ്റും അനധികൃത കയ്യേറ്റം നടക്കുന്നതായി ആർക്കിയോളജി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കോട്ടമതിൽ ഉൾപ്പെടെയുള്ള പൈതൃകമായി സംരക്ഷിക്കേണ്ട ഇടങ്ങളിൽ ഒരു തരത്തിലുള്ള കയ്യേറ്റം ഉണ്ടാവുകയോ അനുവദിക്കുകയോ പാടില്ലെന്ന് കാണിച്ച് കേന്ദ്ര ആർക്കിയോളജി വകുപ്പ് ഡയറക്ടർ എന്തെങ്കിലും നിർദ്ദേശം എപ്പോഴെങ്കിലും നല്കിയിട്ടുണ്ടായിരുന്നോ; വ്യക്തമാക്കുമോ; | (എ) & (ബി) | കേരള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ തലസ്ഥാന നഗരിയിലെ കരിങ്കൽ കോട്ടയും കോട്ട വാതിലുകൾക്കും ചുറ്റും ഒട്ടനവധി നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 17/10/2014-ലെ സ.ഉ.(സാധാ) നം.473/2014/ സാം.കാ.വ നമ്പർ ഉത്തരവിലൂടെ ഇത്തര ത്തിലുള്ള എല്ലാ നിയമവിരുദ്ധ നിർമ്മാണങ്ങളും പൊളിച്ചു നീക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർ, പുരാവസ്തുവകുപ്പ് ഡയറക്ടർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ കേന്ദ്ര പുരാവസ്തു വകുപ്പിൽ നിന്നും അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല. |
| (ബി) | കോട്ടമതിലിന് ചുറ്റുമുള്ളതുൾ പ്പെടെയുള്ള അനധികൃത കൈയ്യേറ്റം ഒഴിപ്പിച്ചെടുക്കുന്നതിനുള്ള ബാധ്യത സംസ്ഥാനത്തെ ഏത് അധികാരി യിലാണ് നിക്ഷിപ്തമായിട്ടുള്ളത്; | | |
| (സി) | കിഴക്കേക്കോട്ടയിലെ പ്രസ്തുത മതിലിന് ചുറ്റുമുള്ള കെ.എസ്.ആർ.ടി.സി. യുടെ ഉടമസ്ഥതയിലുള്ള 72.250 സെന്റ് സ്ഥലത്തെ കൈയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ നിലവിൽ ഏതുവരെ യായിയെന്ന് അറിയിക്കുമോ; | (സി) | കെ.എസ്.ആർ.ടി.സി-യുടെ ഉടമസ്ഥത യിലുള്ള സ്ഥലത്തു നിന്നും കൈയ്യേറ്റം ഒഴിപ്പിച്ച് ഭൂമി കൈയ്യേറിയവരെ പുനരധിവസിപ്പിക്കുന്നത് സംബന്ധിച്ച് ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 9.05.2018 ന് യോഗം ചേരുകയും അനധികൃത കൈയേറ്റം ഒഴിപ്പിക്കുന്നത് സംബന്ധിച്ച് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ഈയിടത്തുള്ള കൈയ്യേറ്റം ഒഴിപ്പിക്കലുമായി ബന്ധപ്പെട്ട് ആർക്കിയോളജി വകുപ്പ് റവന്യൂ വകുപ്പിന് എത്ര തവണ കത്ത് | (ഡി) & (ഇ) | 17/10/2014-ലെ സ.ഉ.(സാധാ) നം.473/2014/ സാം.കാ.വ ഉത്തരവിനെത്തുടർന്ന് 28,11/2017, 23/2//2018 എന്നീ തീയതികളിൽ തിരുവനന്തപുരം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം |

| | | | |
|---|---|---|---|
| | /മറ്റേതെങ്കിലും വിധത്തിലുള്ള ആശയ വിനിമയം നടത്തിയിരുന്നുവെന്ന് വ്യക്തമാക്കുമോ; | | ചേരുകയും കോട്ടമതിലിന് ചുറ്റുമുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പട്ടിക തയ്യാറാക്കി നൽകുന്നതിന് പുരാവസ്തു വകുപ്പദ്ധ്യക്ഷനെ ചുമതലപ്പെടുത്തുകയുമുണ്ടായി. ഇതിൻ പ്രകാരം സംരക്ഷിത സ്മാരകമായ കരിങ്കൽ കോട്ടയ്ക്ക് ചുറ്റുമുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പട്ടിക തയ്യാറാക്കി ആൽബം സഹിതം 10/7/2018-ന് തിരുവനന്തപുരം, ജില്ലാ കളക്ടർ സമർപ്പിച്ചിരുന്നു. തുടർന്ന് 4/8/2018 ന് തിരുവനന്തപുരം തഹസിൽദാർ, പുരാവസ്തു വകുപ്പിലെ ഉദ്യോഗസ്ഥരുമായി ചേർന്ന് ഒരു പരിശോധന നടത്തുകയുണ്ടായി. ഇതേ വിഷയത്തിൽ 20.01.2020-ൽ ഡെപ്യൂട്ടി കളക്ടർ (ലാന്റ് റവന്യൂ) ബന്ധപ്പെട്ട വകുപ്പുകളുടെ ഒരു യോഗം വിളിക്കുകയും സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ചർച്ച ചെയ്യുകയുമുണ്ടായി. 10.07.2018-ന് പട്ടിക കൈമാറിയതിനുശേഷം പ്രസ്തുത വിഷയത്തിൽ 08.05.2019, 15.07.2019, 26.09/2019, 5.10.2019 എന്നീ തീയതികളിൽ തിരുവനന്തപുരം ജില്ലാ കളക്ടർക്കും തഹസീൽദാർക്കും പുരാവസ്തു വകുപ്പ് കത്ത് നൽകിയിട്ടുണ്ട്. |
| (ഇ) | പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചു; | | |
| (എഫ്) | സർക്കാർ അധികാരമേറ്റ നാൾ മുതൽ ഈ സ്ഥലത്തെ കൈയ്യേറ്റം ഒഴിപ്പിക്കലുമായി ബന്ധപ്പെട്ട് മലബാറിൽ നിന്നുള്ള സാമാജികർ നിരവധി തവണ വിഷയം ഉന്നയിച്ചിട്ടും ഒഴിപ്പിക്കൽ യാഥാർത്ഥ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാത്തതിന്റെ കാരണമെന്തെന്ന് അറിയിക്കുമോ; | (എഫ്) & (ജി) | കിഴക്കേകോട്ടയിൽ കോട്ടമതിലിന് സമീപത്തായി കെ.എസ് .ആർ.ടി.സി യുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തെ കൈയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ പുരാവസ്തു വകുപ്പ് പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടില്ല. 17/10/2014 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലാ റവന്യൂ അധികാരികളുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുവാൻ കേരള പുരാവസ്തു വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ജി) | 72.250 സ്ഥലത്തേതിലെങ്കിലുമുള്ള കൈയ്യേറ്റം ഒഴിപ്പിച്ചെടുത്ത് കോട്ടമതിലിന്റെ പൈതൃകം സംരക്ഷിക്കാനാവുമോയെന്ന് അറിയിക്കാമോ? | | |

**സെക്ഷൻ ഓഫീസർ**